## 40

# മരുഭൂമിയിൽ വിളിച്ചുപറയുന്ന ശബ്ദം

## യോഹന്നാന്റെ ശുശ്രൂഷ, ഒരടുത്ത നോട്ടം

കാലം ഏതാണ്ട് ഏ.ഡി. 26 ആയിരുന്നു; സ്ഥലം, യോർദ്ദാനപ്പുറമുള്ള ബേഥാന്യ. ഏതാണ്ടു മുപ്പതുവയസ്സു പ്രായമുള്ള, ഒരു പ്രാസംഗികൻ, ചാവു കടലിന്റെ ഇരുകരയിലും ഉണ്ടായിരുന്ന ആളുകളെ ഉത്തേജിപ്പിച്ചുകൊണ്ടിരുന്നു. പുരോഹിതന്മാരുടെയും ലേവ്യരുടെയും ഒരു കമ്മിറ്റി അവന്റെ അടുക്കൽ വന്നുചോദിച്ചു, "നീ ആർ?" (യോഹന്നാൻ 1:19). അവരുടെ ചോദ്യത്തിനുള്ള കാരണം മനസ്സിലാക്കിക്കൊണ്ട്, അവൻ മറുപടി പറഞ്ഞു, "ഞാൻ ക്രിസ്തു അല്ല" (യോഹന്നാൻ 1:20). അവരുടെ ചോദ്യം ചെയ്യൽ അവർ തുടർന്നുകൊണ്ടിരുന്നു:

> "പിന്നെ എന്തു? നീ ഏലീയാവോ?" എന്നു അവനോടു ചോദിച്ചതിന്നു, "അല്ല" എന്നു, പറഞ്ഞു. "നീ ആ പ്രവാചകനോ?" എന്നതിന്നു, "അല്ല" എന്നു അവൻ ഉത്തരം പറഞ്ഞു. അവർ അവനോടു, "നീ ആരാകുന്നു? ഞങ്ങളെ അയച്ചവരോടു ഉത്തരം പറയേണ്ടതിന്നു, നീ നിന്നെക്കുറിച്ച് തന്നേ എന്തു പറയുന്നു?" എന്നു ചോദിച്ചു (യോഹന്നാൻ 1:21, 22).

മർമ്മപ്രധാനമായ ഉത്തരം വന്നു: "മരുഭൂമിയിൽ വിളിച്ചു പറയുന്ന ശബ്ദം ഞാൻ ആകുന്നു" (യോഹന്നാൻ 1:23).

"മരുഭൂമിയിൽ ... വിളിച്ചുപറയുന്നവന്റെ ശബ്ദം" എന്നു തന്നെ സ്വയം വിശേഷിപ്പിച്ച ആ യുവാവ് യോഹന്നാൻ സ്നാപകൻ[1] ആയിരുന്നു. അവന്റെ ആ വാക്ക് യെശയ്യാവ് 40–ൽ നിന്ന് ഉദ്ധരിച്ചതാണ്, അത് മശിഹയുടെ മുന്നോടിയായി വരുന്നതിനെ കുറിച്ചു പറയുന്നു:

> ഒരുത്തൻ വിളിച്ചു പറയുന്നതു, "മരുഭൂമിയിൽ യഹോവെക്കു വഴി ഒരുക്കുവിൻ; നിർജ്ജനപ്രദേശത്തു നമ്മുടെ ദൈവത്തിന്നു ഒരു പെരുവഴി നിരപ്പാക്കുവിൻ. എല്ലാ താഴ്വരയും നികന്നും, എല്ലാ മലയും കുന്നും താണും വരേണം; വളഞ്ഞതു ചൊവ്വായും, ദുർഘടങ്ങൾ സമമായും തീരേണം" (യെശയ്യാവു 40:3, 4).[2]

യോഹന്നാൻ 1:23–ൽ "മരുഭൂമിയിൽ ... വിളിച്ചുപറയുന്നവന്റെ ശബ്ദം" എന്ന പദപ്രയോഗം ചുരുക്കി പറഞ്ഞിരിക്കുന്നത് ആ ശബ്ദം യോഹന്നാൻ ആയിരുന്നു എന്നാണ്: ഒന്നാമതായും ഏറ്റവും മുഖ്യമായും, അവൻ *ഒരു ശബ്ദമാ*യിരുന്നു; അവനൊരു സന്ദേശമുള്ളവനായിരുന്നു. ആ സന്ദേശം ഒരു പ്രത്യേക രീതിയിൽ അവതരിപ്പിക്കേണ്ടിയിരുന്നു: *മരുഭൂമിയിൽ.* യോഹന്നാൻ അക്ഷരീകമായി ഭൗതിക മരുഭൂമിയിൽ ആയിരുന്നു പ്രസംഗിച്ചിരുന്നത്, എന്നാൽ യെശയ്യാവു 40–ലും യോഹന്നാൻ 1–ലും പറഞ്ഞിരിക്കുന്ന

"മരുഭൂമി" മണൽ, പാറകൾ, തേളുകൾ എന്നിവയെക്കാൾ ഉപരി ആയിരുന്നു. പാപത്തിന്റെ മരുഭൂമിയിലും യോഹന്നാൻ പ്രസംഗിച്ചിരുന്നു. മറ്റു ശബ്ദങ്ങൾ നിശബ്ദമായിടത്തായിരുന്നു അവൻ ധൈര്യത്തോടെ ശബ്ദിച്ചത്.

ഈ പ്രസംഗത്തിൽ, ചുരുക്കമായി നാം യോഹന്നാന്റെ ജീവിതത്തെ കാണുന്നത് – അവന്റെ കാലത്തേക്കും നമ്മുടെ[3] കാലത്തേക്കും ഉള്ള അവന്റെ സന്ദേശത്തെയും മനുഷ്യൻ എന്ന നിലയിൽ അവനെയും അനുമോദിക്കേണ്ടതിനാണ്.

### ഇന്ദ്രിയനിഗ്രഹരാഹിത്യത്തിന്റെ മരുഭൂമിയിൽ "നിങ്ങളെ ആത്മത്യാഗം ചെയ്യുക" എന്നു ഒരു ശബ്ദം വിളിച്ചുപറയുന്നു

യോഹന്നാനെ കുറിച്ച് ഞാൻ ചിന്തിക്കുമ്പോൾ, എന്റെ മനസ്സിൽവരുന്നത് കാറ്റിൽ പറക്കുന്ന മുടിയും സൂര്യപ്രകാശമേറ്റ ത്വക്കോടുകൂടിയവനെയാണ്. ഒട്ടകരോമം കൊണ്ടുണ്ടാക്കിയ പരുപരുത്ത വസ്ത്രമായിരുന്നു അവന്റേത്. അവന്റെ അരയിൽ വീതിയുള്ള തോൽവാറും കെട്ടിയിരുന്നു. അവൻ കരയിൽ നിന്നു ദൂരെ മാറി താമസിച്ചിരുന്നു, അവന്റെ ആഹാരം വെട്ടുകിളിയും[4] കാട്ടുതേനുമായിരുന്നു. അവൻ ആത്മത്യാഗത്തിന്റെയും ആത്മശിക്ഷണത്തിന്റെയും പ്രതീകമായിരുന്നു.

അത്തരത്തിലുള്ള ഒരു മനുഷ്യനെ സൃഷ്ടിച്ചത് എന്താണ്? അതിനുള്ള ഒരു കാരണം അവന്റെ മാതാപിതാക്കൾ *ദൈവഭക്ത*രായിരുന്നു എന്നതാണ്. അവന്റെ പിതാവു പുരോഹിതനായ സെഖര്യാവു ആയിരുന്നു; അവന്റെ അമ്മ എലീശബെത്തായിരുന്നു (ലൂക്കൊസ് 1:5). അവരുടെ ജീവിതത്തെ ലൂക്കൊസ് 1:6 ചുരുക്കി പറയുന്നു: "ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും, കർത്താവിന്റെ സകല കൽപനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു." ആ വാക്യത്തിലെ ഏറ്റവും സ്പർശിക്കുന്ന ഭാഗം "ഇരുവരും" എന്ന വാക്കാണ്. ചിലർക്ക് ദൈവഭക്തിയുള്ള അമ്മമാർ ഉണ്ടായിരിക്കാം പക്ഷെ ഭക്തിയുള്ള അപ്പന്മാർ കണ്ടെന്നു വരികയില്ല. ചുരുക്കം ചിലർക്ക് ദൈവഭക്തിയുള്ള അപ്പന്മാർ കണ്ടേക്കാം പക്ഷെ ദൈവഭക്തിയുള്ള അമ്മമാർ ഉണ്ടായെന്നുവരികയില്ല. യോഹന്നാന്റെ മാതാപിതാക്കൾ *രണ്ടുപേരും* യഹോവയെ സ്നേഹിക്കുകയും അവന്റെ വിധികൾ അനുസരിച്ച് നടക്കുകയും ചെയ്തു. ഒരു മനുഷ്യന് അതിനേക്കാൾ[5] വലിയ ഒരു ജന്മാവകാശം ലഭിപ്പാൻ ഇല്ല.

മറ്റൊരു കാരണം ഒരു *ദൈവീകഉദ്ദേശ*മായിരുന്നു. നിങ്ങൾ ഒരുപക്ഷെ സെഖര്യാവിന്റെയും എലീശബെത്തിന്റെയും സംഭവം ഓർക്കുന്നുണ്ടാവാം: അവർ ഒരു ശിശുവിനുവേണ്ടി എത്രത്തോളം കാത്തിരുന്നു എന്നും, ഒരു ദൂതൻ സെഖര്യാവിനു എങ്ങനെ പ്രത്യക്ഷനായി എന്നും, അവസാനം എലീശബെത്തിന്[6] യോഹന്നാൻ എങ്ങനെ ജനിച്ചു എന്നും നിങ്ങൾക്ക് അറിയാമല്ലോ. ദൈവാലയത്തിലെ ഒരു വൃദ്ധ പുരോഹിതന് ദൂതൻ പ്രത്യക്ഷനായി പറയുന്ന വാക്കുകൾക്ക് ഞാൻ പ്രാധാന്യം നൽകട്ടെ:

> സെഖര്യാവേ, ഭയപ്പെടേണ്ടാ, നിന്റെ പ്രാർത്ഥനെക്കു ഉത്തരമായി, നിന്റെ ഭാര്യ എലീശബെത്ത് നിനക്കു ഒരു മകനെ പ്രസവിക്കും, അവന്നു യോഹന്നാൻ എന്നു പേർ ഇടേണം. നിനക്കുസന്തോഷവും ഉല്ലാസവും ഉണ്ടാകും,

അവന്റെ ജനനത്തിങ്കൽ പലരും സന്തോഷിക്കും. അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവൻ ആകും; വീഞ്ഞും മദ്യവും കുടിക്കയില്ല, അമ്മ യുടെ ഗർഭത്തിൽവെച്ചുതന്നേ പരിശുദ്ധാത്മാവുകൊണ്ടു നിറയും. അവൻ യിസ്രായേൽ മക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവിങ്ക ലേക്ക് തിരിച്ചുവരുത്തും. അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളി ലേക്കും, വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചുംകൊണ്ടു, ഒരുക്കമുള്ളോരു ജനത്തെ കർത്താവിന്നുവേണ്ടി ഒരു ക്കുവാൻ, അവന്നു മുമ്പായി ഏലീയാവിന്റെ ആത്മാവോടും ശക്തിയോ ടുംകൂടെ നടക്കും (ലൂക്കൊസ് 1:13–17)

യോഹന്നാന്റെ ജീവിതാരംഭം മുതൽ, അവൻ ആരാണെന്നോ അവന്റെ ജീവിതോദ്ദേശ്യം എന്താണെന്നോ ഉള്ളതിനെ സംബന്ധിച്ച് യാതൊരു സംശ യവുമില്ലായിരുന്നു. ദൈവത്തിന് ഒരു പുരുഷന്റെയോ അല്ലെങ്കിൽ സ്ത്രീയു ടേയോ ജീവിതത്തിനായി ഒരു ഉദ്ദേശം ഉണ്ട് എന്ന് ഓരോ കുട്ടിയെയും മാതാ പിതാക്കൾ അറിയിക്കേണ്ടിയിരുന്നു.

മൂന്നാമത്തെ കാരണം *ദൈവീക പരിശീലന*മായിരുന്നു. ആ പരിശീല നത്തെ കുറിച്ച് നമ്മോടു വളരെ കുറച്ചുമാത്രമാണ് പറഞ്ഞിരിക്കുന്നത്, എന്നി രുന്നാലും ദൂതൻ പറഞ്ഞതിനെ ആ കുട്ടിക്കു പകർന്നു നൽകി കർത്താ വിനെ സ്നേഹിച്ച് അനുസരിക്കേണ്ടതിന് സെഖര്യാവും എലീശബെത്തും അവനെ ഉത്തേജിപ്പിക്കുന്നത് ഓർക്കാൻ അത്ര പ്രയാസമായിരിക്കയില്ല. വേദ പുസ്തകം പറയുന്നിടത്തോളം, അവന്റെ പ്രാരംഭ ജീവിതത്തെ സംബന്ധിച്ച് അല്പം വിശദാംശങ്ങൾ ഇപ്രകാരം നൽകിയിരിക്കുന്നു: "പൈതൽ വളർന്നു ആത്മാവിൽ ബലപ്പെട്ടു, അവൻ യിസ്രായേലിന്നു തന്നെത്താൻ കാണിക്കും നാൾവരെ മരുഭൂമിയിൽ [അല്ലെങ്കിൽ ഏകാന്തതയിൽ[7]] ആയിരുന്നു" (ലൂക്കൊസ് 1:80). ചാവുകടലിന്റെ[8] നിർജ്ജന പ്രദേശത്തേക്ക് യോഹന്നാൻ എപ്പോൾ പോയെന്നോ എന്തുകൊണ്ടാണ് പോയത് എന്നോ നമുക്ക് അറി യില്ല – എന്നാൽ ദൈവത്തിന്റെ ജ്ഞാനത്തിൽ, അവൻ പരിശീലനത്തിനായി തിരഞ്ഞെടുത്തത് മരുഭൂമി ആയിരുന്നു. അവിടെ നിന്നുകൊണ്ട്, നിഗളഭാ വത്തിലായിരുന്ന പട്ടണങ്ങളായ സോദോമും ഗമോറയും ഒരിക്കൽ സ്ഥിതി ചെയ്തിരുന്നത്[9] കാണുവാൻ കഴിഞ്ഞു, ഇന്ദ്രിയനിഗ്രഹരാഹിത്യത്തിന്റെ അന ന്തരഫലം അനുഭവിച്ചതിന് തികഞ്ഞ ഉദാഹരണങ്ങൾ ആയിരുന്നു അവ.

തങ്ങളുടെ കുട്ടികൾക്ക് നല്ല അന്തരീക്ഷം വേണമെന്നാണ് മാതാപിതാ ക്കൾ ആഗ്രഹിക്കുന്നത്. "നല്ല അന്തരീക്ഷം" ഉണ്ടാകുവാൻ നല്ല യോജി പ്പുള്ള ക്രമവും ആരോഗ്യവും ആവശ്യമാണെന്നു നമ്മിൽ പലരും ചിന്തി ക്കുന്നു. യോഹന്നാന്റെ പ്രാരംഭ അന്തരീക്ഷം പൂർവ്വ യെഹൂദ്യയിലെ പരുപ രുത്ത പ്രദേശമായിരുന്നു. അവിടെ അവൻ ആത്മശിക്ഷണം ശീലിച്ചു. ആ സ്ഥാനം മുതൽ, ഇന്ദ്രിയനിഗ്രഹരാഹിത്യ ത്തിന്റെ മരുഭൂമിയിൽ "ആത്മത്യാഗം ചെയ്യുക" എന്ന ശബ്ദം ഉയർന്നു കേൾക്കാം.

ഇന്നു നമുക്ക് ആ ശബ്ദം കേൾക്കുവാൻ കഴിയുന്നുണ്ടോ? നാം ഇന്ദ്രി യനിഗ്രഹരാഹിത്യത്തിന്റെ ലോകത്തിലാണ് ജീവിക്കുന്നത്,[10] അതുകൊണ്ടു നമുക്ക് യോഹന്നാന്റെ സന്ദേശം കൂടിയേ തീരൂ. ഏറ്റവും ഒടുവിൽ, യേശു ശിഷ്യന്മാരോടു പറഞ്ഞത്, "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛി ച്ചാൽ, തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ"

(മത്തായി 16:24).

അവന്റെ കർക്കശമായ ജീവിതശൈലി കാരണം (ലൂക്കൊസ് 7:33), ചിലർ വിചാരിച്ചത് അവന് ഒരു ഭൂതമുണ്ടായിരുന്നു എന്നാണ്. ഈ മുന്നറിയിപ്പു കേൾക്കുക: നമ്മുടെ കരുതൽ നമ്മെക്കാൾ കൂടുതൽ മറ്റുള്ളവർക്കു വേണ്ടിയായാൽ, നമുക്കും, ഭ്രാന്താണെന്നു ആളുകൾ വിചാരിക്കും. എങ്ങനെയായാലും, യേശു, അത്തരം ജീവിതത്തിന്റെ മാഹാത്മ്യത്തിനാണ് ഊന്നൽ നൽകിയത്. സ്നാപകനെ കുറിച്ചു പറയുമ്പോൾ, അവൻ തന്റെ ശ്രോതാക്കളോടു ചോദിച്ചു, "നിങ്ങൾ എന്തു കാൺമാൻ പോയി? മാർദ്ദവ വസ്ത്രം ധരിച്ച മനുഷ്യനെയോ? മോടിയുള്ള വസ്ത്രം ധരിച്ചു സുഖഭോഗികളായി നടക്കുന്നവർ രാജധാനികളിൽ അത്രേ!" (ലൂക്കൊസ് 7:25). സുഖജീവിതത്തിൽ ആയിരുന്നില്ല യോഹന്നാന് താൽപര്യം; രാജാക്കന്മാർ രാജധാനികളിൽ സുഖലോലുപരായി കഴിയട്ടെ. യേശു ഈ ഒരു അത്ഭുതകരമായ പ്രസ്താവനയും നൽകി: "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല, എന്നു ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്കൊസ് 7:28). മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദത്തിനു എത്ര മൂല്യമുള്ളതാണ്!

നമ്മുടെ ഓരോരുത്തരുടേയും ജീവിതം യോഹന്നാന്റേതുമായി താരതമ്യം ചെയ്തു ചോദിക്കുക, "*ഞാൻ* സ്വയം-ത്യജിക്കലും സ്വയം-അച്ചടക്കവുമുള്ള ജീവിതമാണോ നയിക്കുന്നത്?"

### ആത്മസംതൃപ്തിയുടെ മരുഭൂമിയിൽ "നിങ്ങളുടെ വഴികൾ മാറ്റുക" എന്നു ഒരു ശബ്ദം വിളിച്ചുപറയുന്നു

"കാലസമ്പൂർണ്ണതയിൽ,"[11] "സെഖര്യാവിന്റെ മകനായ, യോഹന്നാന്നു, മരുഭൂമിയിൽവെച്ചു ദൈവത്തിന്റെ അരുളപ്പാടു ഉണ്ടായി" (ലൂക്കൊസ് 3:2). യോഹന്നാന്റെ ജീവിതത്തിൽ, ദൈവവചനം എന്നത് ഒരു മത്സരത്തിൽ പങ്കെടുക്കുന്നവന് തോക്കിൽനിന്നുള്ള "സ്ഫോടനശബ്ദം!" പോലെയും, ഒരു പടയാളിക്ക് പടയ്ക്കുള്ള മണിമുഴക്കംപോലെയും, ഒരു ബുൾഡോഗിനോട്[12] "ആക്രമിക്കുക" എന്നു പറയുന്നതുപോലെയും ആയിരുന്നു.

യോഹന്നാൻ ഉടനെ പ്രസംഗിക്കുവാൻ തുടങ്ങി, "ആ കാലത്തു യോഹന്നാൻ സ്നാപകൻ വന്നു, യെഹൂദ്യ മരുഭൂമിയിൽ പ്രസംഗിച്ചു, 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ, മാനസാന്തരപ്പെടുവിൻ,' എന്നു പറഞ്ഞു" (മത്തായി 3:1, 2). വരുവാനുള്ള മശിഹക്കും അവന്റെ രാജ്യത്തിനുമായി ആളുകളെ ഒരുക്കുകയായിരുന്നു അവന്റെ ജോലി. ആ പ്രാസംഗികൻ തന്റെ ശ്രോതാക്കളോടു അവരുടെ ജീവിതം മാറ്റേണ്ടതിന് ആവശ്യമായതെല്ലാം പറഞ്ഞപ്പോൾ അതിൽ ഒന്നുപോലും വിടാതെയാണ് പറഞ്ഞത്:

> അവനാൽ സ്നാനം ഏല്പാൻ വന്ന പുരുഷാരത്തോടു അവൻ പറഞ്ഞതു, "സർപ്പസന്തതികളേ [സർപ്പങ്ങളേ!], വരുവാനുള്ള കോപത്തെ ഒഴിഞ്ഞു ഓടിപ്പോകുവാൻ നിങ്ങൾക്കു ഉപദേശിച്ചുതന്നതു ആർ? മാനസാന്തരത്തിന്നു യോഗ്യമായ ഫലം കായിപ്പിൻ, 'അബ്രഹാം ഞങ്ങൾക്കുപിതാവായിട്ടുണ്ടു' എന്നു ഉള്ളംകൊണ്ടു പറവാൻ തുനിയരുത്, അബ്രഹാമിന്നു ഈ കല്ലുകളിൽനിന്നു മക്കളെ ഉളവാക്കുവാൻ ദൈവത്തിന്നു കഴിയും, എന്നു ഞാൻ

നിങ്ങളോടു പറയുന്നു" (ലൂക്കൊസ് 3:7, 8).

തങ്ങൾ യെഹൂദന്മാർ ആയതുകൊണ്ടുമാത്രം തങ്ങളെ ദൈവം കൈക്കൊള്ളുമെന്നാണ്, വളരെ കാലത്തോളം യെഹൂദന്മാർ വിചാരിച്ചത്. യോഹന്നാന്റെ സന്ദേശം അലാറം–അടിക്കുന്ന സന്ദേശമായിരുന്നു – അത് അവരെ ഉണർത്തുന്നതിനുവേണ്ടി രൂപപ്പെടുത്തിയതായിരുന്നു! അവൻ അവരോട്, അതിനെ തുടർന്നു പറഞ്ഞതു, അവരുടെ ജീവിതത്തിൽ മുഖ്യമാറ്റങ്ങൾ വരുത്തിയില്ല എങ്കിൽ, അവർ "ദൈവരാജ്യത്തിന്നു കൊള്ളാകുന്നവനല്ല" എന്നാണ് (ലൂക്കൊസ് 9:62 നോക്കുക).

> "എന്നാൽ ഞങ്ങൾ എന്തുചെയ്യേണം?" എന്നു പുരുഷാരം, അവനോടു ചോദിച്ചു, അതിന്നു അവൻ, "രണ്ടുവസ്ത്രമുള്ളവൻ ഇല്ലാത്തവന്നു കൊടുക്കട്ടെ; ഭക്ഷണസാധനങ്ങൾ ഉള്ളവനും അങ്ങനെ തന്നേ ചെയ്യട്ടെ" എന്നു ഉത്തരം പറഞ്ഞു. ചുങ്കക്കാരും സ്നാനം ഏല്പാൻ വന്നു, "ഗുരോ, ഞങ്ങൾ എന്തുചെയ്യേണം?" എന്നു അവനോടു ചോദിച്ചു, "നിങ്ങളോടു കല്പിച്ചതിൽ അധികം ഒന്നും പിരിക്കരുതു" എന്നു, അവൻ പറഞ്ഞു. പടജ്ജനവും, അവനോടു, "ഞങ്ങൾ, എന്തുചെയ്യേണം?" എന്നു ചോദിച്ചതിന്നു, "ആരെയും ബലാൽക്കാരം ചെയ്യാതെയും, ചതിയായി ഒന്നും വാങ്ങാതെയും, നിങ്ങളുടെ ശമ്പളം മതി എന്നുവെപ്പിൻ" എന്നു അവരോടു പറഞ്ഞു (ലൂക്കൊസ് 3:10–14).[13]

നമുക്ക് ഇപ്പോഴും നേരായ പ്രസംഗമാണ് ആവശ്യമായിട്ടുള്ളത്. നമ്മെ ഉണർത്തുകയും സ്വർഗ്ഗത്തിനായി ഒരുക്കുകയും ചെയ്യുന്ന പ്രസംഗമാണ് നമുക്കാവശ്യം. പാപിക്കു തന്റെ പാപം ബോധ്യപ്പെടാത്ത വിധം പൊതുവായ കാര്യങ്ങളിൽ പാപത്തെ കുറ്റപ്പെടുത്തുവാൻ സാധ്യതയുണ്ട്. യോഹന്നാന്റെ പ്രസംഗം വിരൽചൂണ്ടുന്നതും പ്രായോഗികവുമായിരുന്നു.

ലൂക്കൊസ് 3:18 പറയുന്നു "മറ്റുപലതും അവൻ [യോഹന്നാൻ] പ്രബോധിപ്പിച്ചുകൊണ്ടു ജനത്തോടു സുവിശേഷം അറിയിച്ചു." "സുവിശേഷം" എന്ന വാക്കിനർത്ഥം ''സുവാർത്ത'' എന്നാണ്. സ്വാർത്ഥരാകരുത്, ആത്മാർത്ഥതയില്ലാത്തവരാകരുത്, അധികാരത്തെ തെറ്റായവിധത്തിൽ ഉപയോഗിക്കരുത് എന്നിങ്ങനെ ആളുകളോടു പറയുന്നത് ഏതർത്ഥത്തിലാണ് "സുവാർത്ത" ആകുന്നത്? അത് "സുവിശേഷ" മായിരുന്നു കാരണം അത് അവരുടെ ആത്മസംതൃപ്തിയെ നീക്കം ചെയ്യുകയും, അവരുടെ ജീവിതത്തെ പുനഃപരിശോധിക്കുന്നതിന് നിർബന്ധിക്കുകയും, ദൈവത്തിന്റെ കൃപ പകരുന്നവിധത്തിലുള്ള ആളുകളായി തീരേണ്ടതിനു അവരെ പ്രബോധിപ്പിക്കുകയും ചെയ്തു!

"സ്നേഹത്തിൽ സത്യം [മുഴുവൻ സത്യവും] സംസാരിക്കുന്ന" വരെ നാം അഭിനന്ദിക്കാറുണ്ടോ (എഫെസ്യർ 4:15; ഗലാത്യർ 4:16 നോക്കുക)? ഉണ്ടെന്നു ഞാൻ കരുതുന്നു. മനസ്സുറപ്പില്ലാത്ത ഒരു ഡോക്ടറെ നാം ആഗ്രഹിക്കാത്തതുപോലെ ഒരു പ്രാസംഗികനെയും നാം ആഗ്രഹിക്കുകയില്ല. "നിങ്ങളുടെ വഴികൾ മാറ്റുക!" എന്ന സന്ദേശം ആവശ്യമുള്ളയിടത്ത് ആശബ്ദമാ*കുവാൻ* നാം തയ്യാറാകുമെന്നും ഞാൻ വിശ്വസിക്കുന്നു (നോക്കുക ഗലാത്യർ 6:1; യാക്കൊബ് 5:19, 20).

## സംശയത്തിന്റെ മരുഭൂമിയിൽ "വിശ്വസിക്കുക" എന്നു ഒരു ശബ്ദം വിളിച്ചുപറയുന്നു

ഒരു ദിവസം, യോഹന്നാൻ യോർദ്ദാനരികെ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ, യേശു സ്നാനമേൽക്കുവാനായി അവന്റെ അടുക്കൽ വന്നു. നിങ്ങൾക്കൊരു പക്ഷെ ഈ സംഭവം അറിയാമായിരിക്കും: യോഹന്നാൻ ക്രിസ്തുവിനെ സ്നാനപ്പെടുത്തുവാൻ മടിച്ചതും, എന്നാൽ അവൻ അതിനായി പ്രേരിപ്പിച്ചതും; പിന്നെ, യേശു സ്നാനമേറ്റശേഷം, ദൈവം സ്വർഗ്ഗത്തിൽനിന്ന് സംസാരിച്ചതും പരിശുദ്ധാത്മാവു പ്രാവെന്നപോലെ അവനിൽ ഇറങ്ങിവന്നതും (മത്തായി 3:13–17).[14]

തീർച്ചയായും താൻ വഴിയൊരുക്കിയ മശിഹയാണ് യേശു എന്ന് ഈ പരസ്യമായ കാഴ്ച്ചകൾ യോഹന്നാന്റെ മനസ്സിനു ഉറപ്പുനൽകി! ആ നിമിഷം മുതൽ, യോഹന്നാന്റെ ഇഷ്ടപ്പെട്ട സന്ദേശമായിരുന്നു "ഇതാ, ദൈവത്തിന്റെ കുഞ്ഞാട്!"

> പിറ്റെന്നാൾ യേശു തന്റെ അടുക്കൽവരുന്നതു അവൻ കണ്ടിട്ടു, "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!" (യോഹന്നാൻ 1:29).

> പിറ്റെന്നാൾ യോഹന്നാൻ പിന്നെയും തന്റെ ശിഷ്യന്മാരിൽ രണ്ടുപേരുമായി അവിടെ നിൽക്കുമ്പോൾ, കടന്നുപോകുന്ന യേശുവിനെ നോക്കീട്ടു, "ഇതാ, ദൈവത്തിന്റെ കുഞ്ഞാടു!" എന്നു, പറഞ്ഞു (യോഹന്നാൻ 1:35, 36).

യേശു ഒരു നല്ല മനുഷ്യൻ എന്നും ഒരു വലിയ ഗുരു എന്നും മാത്രമായിരുന്നില്ല യോഹന്നാൻ പ്രസംഗിച്ചത്; അവൻ നമ്മുടെ പാപങ്ങൾക്കുള്ള യാഗമായിരുന്നുവെന്നും, അവൻ മുഖാന്തരമേ നമുക്കു രക്ഷിക്കപ്പെടുവാൻ കഴിയൂ എന്നുമായിരുന്നു അവൻ പ്രസംഗിച്ചത്!

അവിശ്വാസവും സംശയമുള്ള ലോകത്തിൽ, യോഹന്നാന്റെ ആഹ്വാന ശബ്ദം ഇന്നും കേൾക്കേണ്ടത് ആവശ്യമാണ്. യേശു ദൈവപുത്രനാണ്! അവൻ മനുഷ്യരുടെ ഏക പ്രത്യാശയാണ്! യോഹന്നാനുണ്ടായിരുന്ന അതേ തീർച്ചയോടെ നമുക്ക് പ്രസംഗിക്കാം!

## അഹങ്കാരത്തിന്റെ മരുഭൂമിയിൽ "താഴ്മയുള്ളവരാകുക" എന്ന് വിളിച്ചുപറയുന്ന ശബ്ദം

യോഹന്നാന്റെ ശുശ്രൂഷയുടെ ഉച്ചസ്ഥായി ആയിരുന്നു യേശുവിന്റെ സ്നാനം. അപ്പോഴേക്കും, അവന്റെ ജോലി ഏതാണ്ട് പൂർത്തിയായി, അന്നു മുതൽ, അവന്റെ ശുശ്രൂഷ കുറഞ്ഞുംവന്നു. മശിഹയുടെ ഒരു മുന്നോടി എന്ന നിലയിൽ, യോഹന്നാന് അടിസ്ഥാനപരമായി മൂന്ന് ഉത്തരവാദിത്വങ്ങൾ ഉണ്ടായിരുന്നു: മശിഹക്കുവേണ്ടി വഴി വൃത്തിയാക്കുവാനും, മശിഹക്കുവേണ്ടി വഴി ഒരുക്കുവാനും, പിന്നെ മശിഹയുടെ വഴിക്കുവേണ്ടി മാറുകയുമായിരുന്നു![15] അത് യോഹന്നാൻ തൃപ്തിയോടെ ചെയ്തു; തനിക്കുവേണ്ടി ദൈവം പദ്ധതിയൊരുക്കിയത് എന്തും നിവർത്തിപ്പാൻ അവൻ തയ്യാറായിരുന്നു.

യോഹന്നാന്റെ വാസ്തവത്തിലുള്ള മാഹാത്മ്യത്തിലേക്ക് വഴി തുറക്കുന്ന വേദഭാഗമായ, യോഹന്നാൻ 3–ലേക്ക് എന്നോടുകൂടെ വരിക. ക്രിസ്തുവിന്റെ

പ്രചാരം വർദ്ധിച്ചപ്പോൾ, യോഹന്നാന്റെ ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു പറഞ്ഞു, "റബ്ബീ, യോർദ്ദാനക്കരെ നിന്നോടുകൂടെ ഇരുന്നവൻ നീ സാക്ഷീകരിച്ചിട്ടുള്ളവൻ തന്നേ, ഇതാ, സ്നാനം കഴിപ്പിക്കുന്നു, എല്ലാവരും അവന്റെ അടുക്കൽ ചെല്ലുന്നു" (വാ. 26). അവരുടെ വാക്കുകളിലെ അസൂയ നിങ്ങൾക്കുകേൾക്കുവാൻ കഴിയുന്നുണ്ടോ? തുടർന്ന്, അവർ പറഞ്ഞത്, "ഒരിക്കൽ നമ്മുടെ അടുക്കൽ എല്ലാവരും വന്നിരുന്നു, എന്നാൽ ഇപ്പോൾ അവരെല്ലാം *അവന്റെ* അടുക്കൽ പോകുന്നു. ഒരിക്കൽ നാം ശ്രദ്ധാകേന്ദ്രമായിരുന്നു, എന്നാൽ ഇപ്പോൾ പ്രാധാന്യം *അവനി*ലാണ്. *നീ* അവനെ സ്നാനപ്പെടുത്തി; അതു *നിന്നെ* അവനേക്കാൾ വലിയവനാക്കി എന്ന് അവർക്കറിയില്ലേ?"

പട്ടാളമേധാവികൾക്കിടയിലെ അസൂയ നിമിത്തം യുദ്ധങ്ങൾ പരാജയപ്പെട്ടിട്ടുണ്ട്. യോഹന്നാൻ അവന്റെ ശിഷ്യന്മാരുടെ അസൂയയെ പ്രോത്സാഹിപ്പിച്ചുവെങ്കിൽ, യേശുവിന്റെ ആരംഭഘട്ടത്തിലുള്ള പ്രവർത്തനങ്ങൾക്ക് അത് വരുത്തുന്ന നാശത്തെ കുറിച്ച് ചിന്തിക്കുക. അവരുടെ പരാതിയോട് സ്നാപകന് ഉണ്ടായ പ്രതികരണത്തിൽ – അത്ഭുതപ്പെടുക – അതിനെ ശ്രദ്ധിക്കുക. അവൻ ആദ്യം പറഞ്ഞത് ക്രിസ്തുവിന്റെ വിജയം ദൈവേഷ്ടം ആയിരുന്നുവെന്നാണ്: "സ്വർഗ്ഗത്തിൽനിന്നു കൊടുത്തിട്ടല്ലാതെ മനുഷ്യന്നു ഒന്നും ലഭിപ്പാൻ കഴികയില്ല" (വാ. 27). പിന്നെ സംഭവിച്ചുകൊണ്ടിരുന്നതിൽ തനിക്കുണ്ടായ സന്തോഷം അവൻ ഊന്നി പറഞ്ഞു:

> "ഞാൻ ക്രിസ്തു അല്ല," "അവന്നു മുമ്പായി അയക്കപ്പെട്ടവനത്രേ," എന്നു ഞാൻ പറഞ്ഞതിന്നു, നിങ്ങൾ തന്നേ എനിക്കു സാക്ഷികൾ ആകുന്നു. മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; മണവാളന്റെ സ്നേഹിതനോ, നിന്നു മണവാളന്റെ സ്വരം കേട്ടിട്ടു, അത്യന്തം സന്തോഷിക്കുന്നു. ഈ എന്റെ സന്തോഷം പൂർത്തിയായിരിക്കുന്നു (വാ. 28, 29).

അവസാനം, അവൻ ഈ ശ്രദ്ധേയമായ വാക്കുകൾ പറഞ്ഞു: "അവൻ വളരേണം, ഞാനോ കുറയേണം" (വാ. 30). അത്തരത്തിലുള്ള അർത്ഥമുള്ള വാക്ക് പറയുവാൻ ഒരു വലിയ, മഹത്തായ മനുഷ്യനു മാത്രമേ സാധ്യമാകൂ!

യോഹന്നാന്റെ ആ പ്രസ്താവനയുമായി ഒത്തുപോകുവാൻ സാധിക്കാതെ മിക്ക വിജയികളായ പ്രാസംഗികരും വിഷമിക്കുന്നതായി എനിക്കറിയാം. അവർ സമ്മതിച്ചാലും ഇല്ലെങ്കിലും – ആ പ്രഖ്യാപനം അവർ ഇഷ്ടപ്പെടുന്നു. എങ്ങനെയായാലും, ഒരു നിയമമെന്നപോലെ, ബഹുമാനപ്പെട്ട ഉപദേഷ്ടാക്കന്മാർക്കു പ്രായമാകുമ്പോൾ, അവർക്ക് പ്രസംഗിക്കുവാനുള്ള ക്ഷണം കുറയുകയും ചെറുപ്പക്കാരായ പ്രാസംഗികർക്കു പ്രാധാന്യം ലഭിക്കുകയും ചെയ്യുന്നു. ഇങ്ങനെ പറയുവാൻ നമുക്ക് എത്ര വിഷമമാണ്, "അത് നന്നായി. അവർ വളരേണം ഞങ്ങളോ കുറയേണം. ദൈവം അവരോടൊപ്പം ഉണ്ടായിരിക്കട്ടെ!"

അഹംഭാവം കൊണ്ടു വിഷമിക്കുന്നവർ ഉപദേഷ്ടാക്കന്മാർ മാത്രമല്ല. നമുക്ക് ലഭിക്കുമെന്ന് നാം കരുതിയ പുകഴ്ച്ച മറ്റുള്ളവർക്കു ലഭിക്കുമ്പോഴോ? മറ്റുള്ളവർക്ക് നല്ല ജോലിയോ സ്ഥാനക്കയറ്റമോ ലഭിക്കുമ്പോഴോ? അവരുടെ കാര്യത്തിൽ ഞങ്ങൾ സന്തോഷമുള്ളവരാണ് എന്ന് നമുക്ക് ആത്മാർത്ഥമായി പറയുവാൻ കഴിയുമോ? "അവർ വളരേണം ഞങ്ങൾ കുറയേണം"

എന്നു, നമുക്ക് ആത്മാർത്ഥതയോടെ പറയുവാൻ കഴിയുമോ?

നമ്മിൽ പലർക്കും, അതിനെക്കാൾ വലിയ വെല്ലുവിളി വേറെ ഇല്ല. "ദൈവം നിഗളികളോടു എതിർത്തു നിൽക്കയും, താഴ്മയുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു" (യാക്കൊബ് 4:6) എന്ന് ഓർക്കുക. നിഗളമുള്ള ലോകത്തിൽ[16] ''താഴ്മയുള്ളവരാകുവിൻ!'' എന്നു വിളിച്ചുപറഞ്ഞ, യോഹന്നാനെ പോലെയാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## ഭീരുത്വത്തിന്റെ മരുഭൂമിയിൽ "ധൈര്യപ്പെടുവിൻ" എന്നു വിളിച്ചു പറയുന്ന ശബ്ദം

യോഹന്നാന്റെ ജീവിതത്തിലെ മറ്റു സംഭവങ്ങളും നമുക്കു പഠിക്കുവാൻ കഴിയും,[17] എന്നാൽ നാം അവന്റെ ജീവിതത്തിലെ അവസാനരംഗത്തോടു കൂടി അവസാനിപ്പിക്കുന്നു. അവന്റെ പ്രസംഗം വിരൽചൂണ്ടുന്നതും പ്രായോഗികവുമാണെന്നു നാം നേരത്തെ പ്രസ്താവിച്ചതാണ്. അത് തികച്ചും വ്യക്തിപരവും ആയിരുന്നു. അതു നൽകുവാൻ ഹെരോദാരാജാവിനെ വിമർശിച്ചതിനെക്കാൾ വലിയ ഒരു ചിത്രീകരണമില്ല.

> ... എന്നാൽ ഇടപ്രഭുവായ ഹെരോദാവു, സഹോദരന്റെ ഭാര്യ ഹെരോദ്യ നിമിത്തവും, ഹെരോദാവു ചെയ്ത സകലദോഷങ്ങൾ നിമിത്തവും യോഹന്നാൻ അവനെ ആക്ഷേപിക്കയാൽ അതെല്ലാം ചെയ്തതു കൂടാതെ അവനെ തടവിൽ ആക്കുകയും ചെയ്തു (ലൂക്കൊസ് 3:19).

> ... ഹെരോദാവു തന്റെ സഹോദരനായ ഫിലിപ്പൊസിന്റെ ഭാര്യ ഹെരോദ്യ നിമിത്തം, "അവൾ നിനക്കു ഭാര്യയായിരിക്കുന്നത് വിഹിതമല്ല" എന്നു, യോഹന്നാൻ അവനോടു പറഞ്ഞതുകൊണ്ടുതന്നേ. അവനെ പിടിച്ചുകെട്ടി, തടവിൽ ആക്കിയിരുന്നു ... (മത്തായി 14:3, 4).

യോഹന്നാനും ഹെരോദാവും മുഖാമുഖമായി എങ്ങനെ കണ്ടുമുട്ടിയെന്ന്, നമുക്കറിയില്ല. യോഹന്നാൻ പ്രസംഗിക്കുന്നതു കേൾപ്പാൻ ഹെരോദാവു വന്നിരുന്നോ?[18] (അവൻ തന്റെ രാജകീയ സന്നാഹങ്ങളോടുകൂടെ പുറത്തുള്ള പുരുഷാരത്തോടൊപ്പം ഇരുന്ന് യോഹന്നാന്റെ പ്രസംഗം കേൾക്കുന്നത് എനിക്ക് ഊഹിക്കുവാൻ കഴിയും.) യോഹന്നാൻ ഹെരോദാവിന്റെ കോട്ടകളിൽ ഒന്നിലേക്ക് പോയിരുന്നുവോ? (ഹെരോദാവിന്റെ പ്രാകാരത്തിൽ പ്രാസംഗികൻ നിൽക്കുന്നതും, സന്ദേശം അവതരിപ്പിക്കുമ്പോൾ അവന്റെ കണ്ണുകൾ ജ്വലിക്കുന്നതും എനിക്കു കാണുവാൻ കഴിയും.) നമുക്കു വിശദാംശങ്ങൾ നൽകിയിട്ടില്ല, എന്നാൽ ഹെരോദ്യയുമായിട്ടുള്ള ഹെരോദാവിന്റെ ബന്ധം വിഹിതമല്ല എന്ന് യോഹന്നാൻ *തുടർച്ചയായി* പറഞ്ഞുവെന്ന സൂചനയാണ് ഗ്രീക്ക് വേദപുസ്തകം നൽകുന്നത്.

അതിന് ധൈര്യം ആവശ്യമാണ്, വൻ ധൈര്യം തന്നെ വേണം! അതിനു ധൈര്യം ആവശ്യമായിരുന്നു കാരണം ഹെരോദാവു ഒരു പ്രധാനപ്പെട്ട മനുഷ്യനും, സ്വാധീനമുള്ള ഒരാളുമായിരുന്നു. വ്യക്തിപരമായ ശാസനയാണ് യോഹന്നാൻ നടത്തിയത് എന്നതുകൊണ്ട് അതിന് ധൈര്യം ആവശ്യമായിരുന്നു. പൊതുവായി പ്രസംഗപീഠത്തിൽനിന്ന് പാപത്തെ കുറ്റപ്പെടുത്തുന്നതുപോലെയല്ല മറ്റൊരാളോടു "നീ തെറ്റാണു ചെയ്യുന്നത്,"[19] എന്നു പറയു

ന്നത്. ഹെരോദാവും ഹെരോദ്യയും കേൾക്കുവാൻ ആഗ്രഹിച്ചതല്ല, കേൾക്കേണ്ടതാണ് യോഹന്നാൻ പറഞ്ഞത് എന്നതുകൊണ്ട് അതു പറയുവാൻ ധൈര്യം ആവശ്യമായിരുന്നു. മിക്ക ''സുവിശേഷ സന്ദേശങ്ങളും'' ആരെയും എതിർത്തു പറഞ്ഞിട്ടില്ല, എന്നാൽ യോഹന്നാൻ തുറന്നടിച്ചു പറഞ്ഞു, "നീ അവളെ വെച്ചുകൊണ്ടിരിക്കുന്നത് വിഹിതമല്ല" – അത് അവന്റെ ശ്രോതാക്കൾക്കും വിഷമമുണ്ടാക്കി! പ്രവാചകന് അതു പറയുമ്പോൾ തന്റെ ജീവൻ തന്നെ വിലയായി കൊടുക്കേണ്ടിവരും എന്നറിയേണ്ടതുകൊണ്ടു അതിനു ധൈര്യം ആവശ്യമായിരുന്നു. അനന്തരഫലം അനുഭവിക്കാതെ ആർക്കും ഹെരോദാവിനെയും ഹെരോദ്യയെ[20] പോലെയുള്ള ഒരു ഭാര്യയെയും പ്രകോപിപ്പിക്കുവാൻ കഴിയുകയില്ല. "കാറ്റിനാൽ ഉലയുന്ന ഓടയല്ല" യോഹന്നാൻ എന്ന് യേശു പറഞ്ഞു (മത്തായി 11:7). മറിച്ച്, പാപത്തിന് എതിരായിട്ട് ധൈര്യത്തോടെ ദൈവത്തിന്റെ ദീർഘക്ഷമയോടെ സംസാരിച്ചവനായിരുന്നു അവൻ!

ഒരിക്കൽ കൂടെ, ആ തുടർച്ചയുടെ വിശദാംശങ്ങൾ നിങ്ങൾക്കറിയാം: പ്രതികാരദാഹിയായ[21] ഭാര്യയും അവളുടെ മകളുടെ നൃത്തവും, മദ്യപാന വിരുന്നിന്റെയും ഫലമായി എങ്ങനെ യോഹന്നാനെ തടവിൽ ആക്കിയെന്നും, അവന്റെ ജീവൻ അവസാനം എങ്ങനെ നഷ്ടമായി എന്നും. മനുഷ്യസമ്പ്രദായം അനുസരിച്ച്, യോഹന്നാന്റെ തല ഹെരോദ്യയുടെ മുൻപിൽ കൊണ്ടുവന്നപ്പോൾ, അവൾ ആ പ്രവാചകന്റെ നാവിൽ നീണ്ട ആണി അടിച്ച് ഉച്ചത്തിൽ പറഞ്ഞു, "'നീ അവളെ വെച്ചുകൊണ്ടിരിക്കുന്നതു വിഹിതമല്ല' എന്ന്, ഇനിയൊരിക്കലും നീ പറയുകയില്ല!"

ഹെരോദ്യ വിചാരിച്ചതു അവൾ യോഹന്നാനെ നിശബ്ദനാക്കി എന്നാണ്, എന്നാൽ അങ്ങനെ ആയിരുന്നില്ല. ധൈര്യശാലിയായ ഒരു മനുഷ്യന്റെ ശബ്ദം അവസാനിപ്പിക്കുവാൻ സാധ്യമല്ല. യോഹന്നാൻ സ്നാപകന്റെ മരണം ഹെരോദാവിന്റെ മനസ്സിനെ വേട്ടയാടി, അവൻ യേശുവിന്റെ ശുശ്രൂഷയെ കുറിച്ചു കേട്ടപ്പോൾ, യേശു, മരിച്ച യോഹന്നാൻ എഴുന്നേറ്റുവന്നവൻ ആയിരിക്കാം എന്ന ചിന്ത അവനെ പിന്തുടർന്നു (മർക്കൊസ് 6:14). യോഹന്നാൻ മരിച്ചിട്ട് കുറെ നാളുകൾ ആയെങ്കിലും, അവന്റെ സ്വാധീനം വളരെ വലുതായിരുന്നു എന്നതുകൊണ്ടു അവനോടു ചോദ്യം ചോദിച്ചവരോടു യേശു അവന്റെ പ്രവർത്തികൾ കാണിച്ച് ഉത്തരം നൽകി (മത്തായി 21:23–27; ലൂക്കൊസ് 20:2–8).

യോഹന്നാന്റെ ധൈര്യം ദൈവം നമുക്കു നൽകട്ടെ: ഉയർന്ന സ്ഥാനത്തായാലും താഴ്ന്ന സ്ഥാനത്തായാലും, പാപത്തിനെതിരായി സംസാരിക്കുവാനുള്ള ധൈര്യം; വ്യക്തിപരമായി ആളുകളുടെ പാപങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനുള്ള ധൈര്യം; ആളുകൾ കേൾക്കുവാൻ ആഗ്രഹിക്കുന്നതല്ല, പിന്നെയോ അവർക്ക് ആവശ്യമുള്ളതുപറയുവാനുള്ള ധൈര്യം; അനന്തരഫലം എന്തായാലും അതു കണക്കാക്കാതെ, നീതിക്കുവേണ്ടി നിൽക്കുവാനുള്ള ധൈര്യം. യേശു ഇപ്പോഴും നമ്മെ ഓരോരുത്തരെയും വെല്ലുവിളിക്കുന്നു: "... മരിക്കേണ്ടിവന്നാലും, വിശ്വസ്തരായിരിക്കുക. നിങ്ങൾ വിശ്വസ്തരാണെങ്കിൽ, ഞാൻ നിങ്ങൾക്ക് ജീവകിരീടം നൽകും" (വെളിപ്പാട് 2:10; ന്യൂ സെഞ്ചറി വെർഷൻ).

**ഉപസംഹാരം**

യോഹന്നാൻ "മരുഭൂമിയിൽ ... വിളിച്ചുപറയുന്ന ശബ്ദമായിരുന്നു":

... ഇന്ദ്രിയനിഗ്രഹരാഹിത്യത്തിന്റെ മരുഭൂമിയിൽ "നിങ്ങളെ ആത്മത്യാഗം ചെയ്യുക" എന്നു വിളിച്ചുപറയുന്ന ശബ്ദമായിരുന്നു.
... ആത്മസംതൃപ്തിയുടെ മരുഭൂമിയിൽ "നിങ്ങളുടെ വഴികൾ മാറ്റുക" എന്നു വിളിച്ചുപറയുന്ന ശബ്ദമായിരുന്നു.
... സംശയത്തിന്റെ മരുഭൂമിയിൽ "വിശ്വസിക്കുക" എന്നു വിളിച്ചുപറയുന്ന ശബ്ദമായിരുന്നു.
... അഹങ്കാരത്തിന്റെ മരുഭൂമിയിൽ "താഴ്മയുള്ളവരാകുക" എന്നു വിളിച്ചുപറയുന്ന ശബ്ദമായിരുന്നു.
... ഭീരുത്വത്തിന്റെ മരുഭൂമിയിൽ "ധൈര്യപ്പെടുവിൻ" എന്നു വിളിച്ചുപറയുന്ന ശബ്ദമായിരുന്നു.

യോഹന്നാന് അത്തരം ശബ്ദമാകുവാൻ എങ്ങനെ കഴിഞ്ഞു? അവന്റെ രഹസ്യമെന്തായിരുന്നു? അവൻ കർത്താവിനു സമർപ്പിക്കപ്പെട്ട് അവന്റെ ഇഷ്ടം ചെയ്യുകയായിരുന്നു. അതുകൊണ്ട് അവൻ വ്യത്യസ്തനാകുവാൻ ധൈര്യപ്പെട്ടു. മറ്റു ശബ്ദങ്ങൾ നിശബ്ദമായിരുന്ന സ്ഥാനത്ത് അവൻ സംസാരിക്കുവാൻ തയ്യാറായിരുന്നു.

ഇന്ന് യോഹന്നാനെ പോലുള്ള കൂടുതൽ സ്ത്രീ പുരുഷന്മാരെ ദൈവം നമുക്ക് നൽകട്ടെ. ദൈവം നമ്മെ ഓരോരുത്തരെയും കൂടുതൽ യോഹന്നാനെ പോലെ*യാകുവാൻ* സഹായിക്കട്ടെ![22]

---

കുറിപ്പുകൾ

[1]ഈ പ്രസംഗത്തിൽ എവിടെയെങ്കിലും ഒരിടത്ത്, "സ്നാപകൻ" എന്ന പദത്തിന്റെ അർത്ഥം വേണമെങ്കിൽ നിങ്ങൾക്കു വിശദമാക്കാം. [2]മുന്നോടികൾ വരുവാനുള്ള രാജാവിനെ കുറിച്ചു പ്രഖ്യാപിക്കുക മാത്രമല്ല, അവന്റെ വരവിനായി ഒരുങ്ങുകയും – അതിനുവേണ്ടതെല്ലാം നൽകി (ഈ വേദഭാഗത്തിൽ ഊന്നിപ്പറഞ്ഞതുപോലെ) അവർക്കു സഞ്ചരിപ്പാനുള്ള പാത തെളിയിച്ചത് എങ്ങനെയാണെന്ന് നിങ്ങൾക്കു വേണമെങ്കിൽ വിശദീകരിക്കാം. [3]ഈ പ്രസംഗത്തിന്റെ കുറിപ്പുകൾ ഞാൻ വർഷങ്ങൾക്കുമുൻപ് തയ്യാറാക്കിയതാണ്, അതിനുള്ള വിഭവങ്ങൾ രേഖപ്പെടുത്തുവാൻ തുടങ്ങുന്നതിനുമുൻപുതന്നെ. ആർക്കെങ്കിലും ബഹുമതികൊടുക്കേണ്ടതിന് ഞാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ മുൻകൂട്ടി ക്ഷമ ചോദിച്ചുകൊള്ളട്ടെ. [4]ഈ സന്ദർഭത്തിൽ, "വെട്ടുകിളി" എന്നു പറഞ്ഞിരിക്കുന്നത് നാം വിളിക്കുന്ന വെട്ടുകിളിയെ അല്ല. "പച്ചക്കുതിര" യെ വിചാരിച്ചാൽ, നിങ്ങൾക്കു തെറ്റുപറ്റുകയില്ല. [5]അത്തരം ഒരു പൈതൃകം എനിക്കുണ്ടായിരുന്നതിൽ ഞാൻ കർത്താവിനു നന്ദി പറയുന്നു. നിങ്ങൾ അതുപോലെ, അനുഗ്രഹിക്കപ്പെട്ടിരിക്കുകയാണെങ്കിൽ, നിങ്ങൾക്കും, വേണമെങ്കിൽ അതു പറയാം. [6]ഈ സംഭവത്തിന്റെ വിശദാംശങ്ങൾ കാണുവാൻ, *ക്രിസ്തുവിന്റെ ജീവിതം, 2*–ലെ "ക്രിസ്തു വരുന്നു!" എന്ന പാഠം നോക്കുക. നിങ്ങളുടെ ശ്രോതാക്കൾക്ക് ഈ സംഭവം പരിചയമില്ലെങ്കിൽ, അല്പസമയം എടുത്ത് അത് ആവർത്തിക്കുക. [7]യോഹന്നാൻ 1:23–ലെ "മരുഭൂമി" എന്നു തർജ്ജിമ ചെയ്തിരിക്കുന്ന വാക്കും ലൂക്കൊസ് 1:80–ലെ "മരുഭൂമി" എന്നു തർജ്ജിമ ചെയ്തിരിക്കുന്ന വാക്കും

അടിസ്ഥാനപരമായി ഒരേ ഗ്രീക്ക് വാക്കാണ്. [8]അവന്റെ മാതാപിതാക്കൾ അവന്റെ ചെറുപ്പത്തിൽ തന്നെ മരിച്ചുപോയതുകൊണ്ടാണ് അവൻ മരുഭൂമിയിലേക്ക്/ഏകാന്തതയിലേക്ക് പോയത് എന്നു ചിലർ പറഞ്ഞിട്ടുണ്ട് – എന്നാൽ അതു വെറും ഊഹം മാത്രമാണ്. [9]യോർദ്ദാൻ നദി ചാവുകടലിലേക്ക് ഒഴുകുന്ന സ്ഥലത്തോ അതിനടുത്തോ ആയിരുന്നു സോദോമും ഗൊമോറയും സ്ഥിതി ചെയ്തിരുന്നതെന്ന് ചില പണ്ഡിതന്മാർ വിശ്വസിക്കുന്നു. [10]ഞാൻ താമസിക്കുന്ന സ്ഥലത്തിനു അനുയോജ്യമായ ഇന്ദ്രിയനിഗ്രഹരാഹിത്യത്തിന്റെ ഉദാഹരണങ്ങൾ, എന്റെ കുറിപ്പുകളിലുണ്ട്. ആ വിഭാഗത്തെ നിങ്ങളുടെ ശ്രോതാക്കൾക്ക് യോജിക്കുന്ന വിധത്തിൽ വിപുലീകരിക്കുക. നിങ്ങൾ വസിക്കുന്ന സ്ഥലത്ത് ആഡംബരം ഉണ്ടെങ്കിൽപോലും, പരിശ്രമം നടത്താവുന്നതാണ്.

[11]ഗലാത്യർ 4:4. [12]"'സി' ക്കിം" എന്നതു "സിക്ക് ഹിം" എന്നതിന്റെ ചുരുക്കരൂപമാണ്. "സിക്ക്" എന്നതിന്റെ അർത്ഥം ആക്രമിക്കുവാൻ കല്പിക്കുക എന്നാണ്. ആ വാചകത്തിലെ ചിത്രീകരണം ഞാൻ താമസിക്കുന്ന പ്രദേശത്തിനു യോജിച്ചതാണ്. നിങ്ങളുടെ പ്രദേശത്തിനു യോജിച്ച ചിത്രീകരണം നല്കുക. [13]നിങ്ങൾ ഈ വേദഭാഗം ഉപയോഗിക്കുമ്പോൾ, നിങ്ങളുടെ സ്ഥലത്തിനു യോജിച്ച പ്രായോഗികത ചുരുക്കി അവതരിപ്പിക്കുക. യോഹന്നാന്റെ പല വാക്കുകളും (ഉദാഹരണമായി "തൃപ്തിപ്പെടുക") എന്നെ കുറ്റപ്പെടുത്തുന്നതാണ്. [14]*ക്രിസ്തുവിന്റെ ജീവിതം, 1*-ലെ "അടുത്തിരിക്കുന്നു" എന്ന പാഠത്തിൽ യേശുവിന്റെ സ്നാന സംഭവം വിവരിച്ചിരിക്കുന്നു. നിങ്ങളുടെ വിദ്യാർത്ഥികൾക്ക് ആ സംഭവം പരിചയമില്ലെങ്കിൽ, ആ സംഭവങ്ങൾ അവർക്ക് വേണമെങ്കിൽ വിശദമാക്കി കൊടുക്കാം. [15]ആ വാചകം എടുത്തിരിക്കുന്നത് ചാൾസ് ആർ. സ്വിൻഡോളിന്റെ, *ജോൺ ദ ബാപ്റ്റൈസർ* എന്നതിൽനിന്നാണ് (അനാഹെയിം, കാലിഫ്.: ഇൻസൈറ്റ് ഫോർ ലിവിങ്ങ്, 1991), 3. [16]യോഹന്നാന്റെ താഴ്മയുടെ വെളിച്ചത്തിൽ, അവൻ സ്വയമായി ആഗ്രഹിക്കാത്ത ഒരു നിലവാരത്തിലേക്ക് ചിലർ അവനെ ഉയർത്തുവാൻ ശ്രമിച്ചത് അപ്രതീക്ഷിതമാണ്. കഴിഞ്ഞ കാലങ്ങളിൽ, യോഹന്നാന്റെ സമയത്താണ് ദൈവരാജ്യം/സഭ സ്ഥാപിക്കപ്പെട്ടതു എന്നു പറഞ്ഞിരുന്നതു അസാധാരണമായിരുന്നില്ല, എന്നാൽ മത്തായി അദ്ധ്യായം 14–ൽ യോഹന്നാന്റെ മരണത്തെക്കുറിച്ചും അദ്ധ്യായം 16–ൽ ദൈവരാജ്യം/സഭ സ്ഥാപിക്കപ്പെടുമെന്നതിനെക്കുറിച്ചും പറയുന്നുണ്ട്. *ക്രിസ്തുവിന്റെ ജീവിതം, 2*-ലെ "യേശു കരുതുന്നുവോ?" എന്ന പാഠത്തിൽ ലൂക്കൊസ് 7:28–നെക്കുറിച്ചുള്ള പരാമർശങ്ങൾ പുനരവലോകനം ചെയ്യുക. കഴിഞ്ഞ കാലത്ത്, ചിലർ "ബാപ്റ്റിസ്റ്റ്" എന്ന വാക്കിനെ എടുത്ത് തങ്ങളെ ആ നാമത്താൽ വിളിക്കപ്പെടുന്നതിനുള്ള ന്യായീകരണം എന്നനിലയിൽ ഉപയോഗിച്ചിട്ടുണ്ട്. "ബാപ്റ്റിസ്റ്റ്" എന്ന വാക്കിന്റെ അർത്ഥം നിങ്ങൾക്ക് വേണമെങ്കിൽ വിശദീകരിക്കാം. [17]ഉദാഹരണമായി, യോഹന്നാൻ തടവിലായിരുന്നപ്പോൾ ഉള്ള അവന്റെ അസാന്നിദ്ധ്യത്തെ കുറിച്ചുള്ള വിവരണം ഈ പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ആ സംഭവം ആകർഷണീയമാണ് (*ക്രിസ്തുവിന്റെ ജീവിതം, 2*-ലെ "യേശു കരുതുന്നുവോ?" എന്ന പാഠം വായിക്കുക), എന്നാൽ അതു ഈ അവതരണത്തിന്റെ പൊതുവായ തുടർച്ചയുമായി യോജിക്കുന്നില്ല. [18]ഹെരോദാവു യോഹന്നാന്റെ പ്രസംഗം കേൾക്കുവാൻ ഇഷ്ടപ്പെട്ടിരുന്നു എന്നു പിന്നീട് പറഞ്ഞിട്ടുണ്ട് (മർക്കൊസ് 6:20), അതുകൊണ്ട് അത് സാധ്യമായ വിഷയത്തിനും അപ്പുറത്തല്ല. [19]ഈ ഖണ്ഡികയിൽ പറഞ്ഞ ചില സത്യങ്ങൾ, "ആത്മസംതൃപ്തിയുടെ മരുഭൂമിയിൽ 'നിങ്ങളുടെ വഴികൾ മാറ്റുക' എന്നു ഒരു ശബ്ദം വിളിച്ചുപറയുന്നു" എന്ന തലക്കെട്ടിൽ മുൻപു പ്രതിപാദിച്ചിട്ടുള്ളതുമായി സാമ്യതയുള്ളതാണ്. ആവർത്തിച്ചതിനു ഖേദം പ്രകടിപ്പിക്കുന്നില്ല. ഇരട്ടി ഊന്നൽ ആ സത്യങ്ങളെ കൂടുതൽ ഉറപ്പിക്കുവാൻ സഹായിക്കുന്നു. [20]പഴയനിയമത്തിലെ ആഹാബും ഇസബേലും പുതിയനിയമത്തിലെ ഹെരോദാവും ഹെരോദ്യയും ആണെന്നു പറയപ്പെട്ടിട്ടുണ്ട്.

[21]ആ സംഭവം നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമില്ലെങ്കിൽ, നിങ്ങൾക്കു അതു ചുരുക്കി വിവരിക്കാം. (ഈ പുസ്തകത്തിൽ ആദ്യം വന്ന "വിജയത്തിന്റെ അപകടം," എന്ന പാഠം വായിക്കുക.) [22]നിങ്ങൾ ഇതിനെ ഒരു പ്രസംഗമായി ഉപയോഗിച്ച് ഒരു ക്ഷണം നടത്തുകയാണെങ്കിൽ, വ്യക്തികളുടെ ജീവിതം കർത്താവിൽ സമർപ്പിക്കപ്പെടേണ്ടതിനാണ് ക്ഷണം എന്ന് ഊന്നിപ്പറയുക. പുതിയനിയമത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന വിശ്വാസത്തിന്റേയും അനുസരണത്തിന്റേയും പ്രതികരണം (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38) "ഞാൻ എന്റെ ജീവിതം അങ്ങക്കായി നൽകുന്നു, അങ്ങ് പറയുന്നതെല്ലാം, ഞാൻ ചെയ്യും," എന്നു കർത്താവിനോടു പറയുന്ന പ്രതികരണമാണ് എന്ന് ഊന്നി പറയുക.